പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1394 — 15.06.2012 ൽ മറുപടിയ്ക്ക്

## തരിശിടുന്ന കൃഷിഭൂമി

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം, രാസവളങ്ങളുടെ വർദ്ധിച്ച വിലക്കയറ്റം, കാർഷിക വിളകളുടെ വിലയിടിവ് എന്നീ കാരണങ്ങളാൽ കൃഷി ഭൂമി തരിശിടുന്ന പ്രവണതയ്ക്ക് പരിഹാരമായി എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എ) വിവിധ കാരണങ്ങളാൽ തരിശായി കിടക്കുന്ന കൃഷി ഭൂമി ഭൂഉടമകളുടെ സമ്മതത്തോടെ കൃഷിയിറക്കാൻ താല്പര്യമുള്ള, വ്യക്തികൾക്കും സംഘങ്ങൾക്കും, ഗ്രൂപ്പുകൾക്കും കരാർ വ്യവസ്ഥയിൽ നൽകി ഹ്രസ്വകാലവിളകൾ കൃഷി ചെയ്യിപ്പിക്കുന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇത്തരം കൃഷി ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കൃഷി ഭവനിലൂടെ ലഭ്യമാക്കുന്നതാണ്. കൃഷിയ്ക്കായി കൃഷി ഭൂമി വിട്ടുകൊടുക്കുന്ന ഭൂ ഉടമകൾക്ക് പാട്ടത്തുക നൽകുന്നതാണ്. കൃഷി വകുപ്പ് നൽകുന്ന സഹായം ചുവടെ ചേർക്കുന്നു.

| കൃഷി | ധനസഹായം തുക (ഹെക്ടറിന് (രൂപ)) |
|---|---|
| വാഴ | 40,000/- |
| നെല്ല് | 30,000/- |
| പച്ചക്കറികൾ | 30,000/- |
| കിഴങ്ങുവർഗ്ഗങ്ങൾ | 30,000/- |

(ബി) സാങ്കേതിക വൈദഗ്ധ്യമുള്ള കൃഷി വകുപ്പുദ്യോഗസ്ഥരുടെ സേവനം ഓഫീസുകളിൽ നിന്നും കൃഷി ഭൂമികളിലേക്ക് കൊണ്ടുവരുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) & (സി) ഉണ്ട്. സാങ്കേതിക ഉദ്യോഗസ്ഥരുടെ ഓഫീസ് ജോലികൾ ലഘൂകരിച്ചാൽ മാത്രമെ കൃഷിയിടങ്ങളിൽ കൂടുതൽ സമയം ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനായി കൃഷിക്കാർക്ക് നൽകുന്ന സബ്സിഡികൾ ബാങ്ക് അക്കൗണ്ടുകൾ വഴി നൽകാനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ മൂന്ന് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ലീഡ്സ് എന്ന എക്സ്റ്റൻഷൻ പദ്ധതി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിച്ചാൽ

സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം കൃഷിക്കാർക്ക് കൂടുതൽ ലഭ്യമാക്കും. ഇതിനു പുറമെ കൃഷി ഭവനുകളിൽ വാഹനമേർപ്പെടുത്തി (ടൂ വീലർ) യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ സമയം കൃഷിയിടങ്ങളിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

**(സി)** എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**സെക്ഷൻ ഓഫീസർ**